"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി സംസ്ഥാന-ജില്ലാ തലങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയറ്റ് സംവിധാനങ്ങളുടെ കാലാവധി ദീർഘിപ്പിച്ചും അതിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ സേവന കാലാവധി ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.706/2026/LSGD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.867/2023/LSGD തീയതി 12/04/2023.
2. സ.ഉ.(സാധാ) നം. 1844/2024/LSGD തീയതി 03/10/2024
3. സ.ഉ.(സാധാ) നം. 69/2025/LSGD തീയതി 07/01/2025
4. സ.ഉ.(സാധാ) നം.2109/2025/LSGD തീയതി 25/08/2025.
5. 09/03/2026 ലെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ SM1/1478/2025-DEO-CS നമ്പർ കത്ത്

**ഉത്തരവ്**

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിൽ പരാമർശം (1) പ്രകാരം ക്യാമ്പയിൻ സെക്രട്ടേറിയറ്റ് രൂപീകരിക്കുകയും, പരാമർശം (2) & (3) പ്രകാരം സംസ്ഥാന-ജില്ലാ തല ക്യാമ്പയിൻ സെക്രട്ടറിയേറ്റുകളുടെ ചുമതലകൾ, പ്രവർത്തനരേഖ, അവലോകന സംവിധാനം എന്നിവ നിശ്ചയിക്കുകയും ചെയ്തിരുന്നു. പരാമർശം (4) പ്രകാരം മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെയും അതിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെയും കാലാവധി 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചിരുന്നു.

മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനും പ്രവർത്തനങ്ങളിൽ വേഗത കൈവരിക്കുന്നതിനും മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിലൂടെ സാധിച്ചിട്ടുണ്ട്. വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളേയും സംഘടനകളേയും ഏകോപിപ്പിച്ച് ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, മാലിന്യ പരിപാലന മേഖലയിലെ സംരംഭത്വ സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുക, സംസ്ഥാന-ജില്ലാ തല സർക്കാർ സംവിധാനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുക, തദ്ദേശ സ്വയംഭരണ /ഇതര വകുപ്പുകളുടെ മാലിന്യ സംസ്കരണ അവസ്ഥാ വിശകലനം നടത്തി ആവശ്യമായ ക്യാമ്പയിൻ പുരോഗതി-അവലോകന റിപ്പോർട്ടുകൾ തയ്യാറാക്കുക, ഫീൽഡ് തല പഠനങ്ങൾ നടത്തി

വിവരങ്ങൾ നൽകുക, IEC-കാര്യശേഷി വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയാണ് ക്യാമ്പയിൻ സെക്രട്ടറിയേറ്റ് ഈ കാലയളവിൽ നിർവ്വഹിച്ച പ്രധാന ചുമതലകൾ. നിലവിൽ മാലിന്യ സംസ്കരണ രംഗത്ത് ആരംഭിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സുസ്ഥിരത, ഏകോപനം, വിപുലീകരണം എന്നിവ ഉറപ്പാക്കുന്നതിനും, ഇതുവരെ കൈവരിച്ച നേട്ടങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനുമായി മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംവിധാനത്തെ ഒരു വർഷ കാലയളവിലേക്ക് ദീർഘിപ്പിക്കണമെന്ന് പരാമർശം (5) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിലൂടെ അജൈവ മാലിന്യ പരിപാലനത്തിൽ കൈവരിച്ച നേട്ടങ്ങൾ ജൈവ മാലിന്യ പരിപാലനത്തിൽ കൂടി സാധ്യമാക്കുന്നതിനായി 'നൂറ് ശതമാനം ബയോ മാലിന്യ സംസ്കരണം' എന്ന ലക്ഷ്യമാണ് ഇനി മുന്നിലുള്ളത് എന്നതിനാലും, ദ്രവമാലിന്യ സംസ്കരണ മേഖലയിൽ ബഹു. ദേശീയ ഹരിത ട്രിബ്യൂണൽ, ഹൈ കോടതി ഉത്തരവുകൾ പ്രകാരം ആവശ്യമായ പുരോഗതി ഉറപ്പാക്കേണ്ടതുണ്ട് എന്നതിനാലും, വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയറ്റ് സംവിധാനങ്ങളുടെ കാലാവധി 2026 മാർച്ച് 31-ന് അവസാനിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന കാമ്പയിൻ സെക്രട്ടറിയേറ്റിന്റെ സേവന കാലാവധി ഏപ്രിൽ ഒന്ന് മുതൽ ഒരു വർഷവും ജില്ലാ തല കാമ്പയിൻ സെക്രട്ടറിയേറ്റിലെ കോർഡിനേറ്റർമാരുടെ സേവന കാലാവധി ഏപ്രിൽ ഒന്ന് മുതൽആറ് മാസവും ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ , കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Vinod Kumar. V

Date: 12-03-2026 13:29:19

സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്